# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 35 — 28.02.2017- ൽ മറുപടിക്ക്

## കൈത്തറി-ഖാദി വ്യവസായ വികസന പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ.ഡി.പ്രസേനൻ
ശ്രീ.രാജു എബ്രഹാം
ശ്രീ.എം.സ്വരാജ്
ശ്രീ.ജെയിംസ് മാത്യൂ

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) പ്രതിസന്ധി നേരിടുന്ന കൈത്തറി-ഖാദി വ്യവസായം രക്ഷപ്പെടുത്താനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ;

(എ) പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ രക്ഷപ്പെടുത്താനായി സർക്കാർ, സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന ഒരു പുതിയ പദ്ധതി രൂപീകരിച്ചു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുക എന്നതിനു പുറമേ കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും ജോലി നൽകി അവരുടെ വേതനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു. 2017-18 അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ യൂണിഫോം തുണി വിദ്യാർത്ഥികൾക്ക് നൽകുന്നതിന് വേണ്ട തുണി കുറഞ്ഞ സമയം കൊണ്ട് ഉൽപാദിപ്പിക്കാൻ വേണ്ട തറികൾ ലഭ്യമാകാത്ത സാഹചര്യത്തിൽ, പദ്ധതി, 1 മുതൽ 5 വരെയുള്ള സർക്കാർ സ്കൂളിലെ കുട്ടികൾക്കായി നിജപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിയിലേക്ക് രണ്ടായിരത്തിലധികം നെയ്ത്തുകാർ ചേർന്നിട്ടുണ്ട്.

ഖാദി മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിനായി മിനിമം കൂലി, വരുമാന താങ്ങ് പദ്ധതി, ഉൽപാദന ഇൻസെന്റീവ്, ഉത്സവ ബത്ത, ഇ.എസ്.ഐ, ക്ഷേമനിധി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. മിനിമം കൂലി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഖാദി ഗ്രാമം പദ്ധതി , ഉൽപാദന കേന്ദ്രങ്ങളുടെ പശ്ചാത്തല

| | |
|---|---|
| | സൗകര്യ വികസനത്തിന് മതിയായ പദ്ധതി വിഹിതം അനുവദിക്കുന്നത്, അഖിലേന്ത്യാ ഖാദി കമ്മീഷന്റെ ധനസഹായ ത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി മുതലായവ ഈ മേഖലയെ രക്ഷപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ്. |
| (ബി) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം തയ്ച്ച നൽകാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഉല്പാദന വർദ്ധനവിനോടൊപ്പം ഉല്പാദ കർക്ക് ന്യായമായ വില ലഭ്യമാക്കാനും സാധിക്കുമോ; | (ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം തുണി സൗജന്യമായി നൽകുക മാത്രമേ പദ്ധതി ലക്ഷ്യമാക്കുന്നുള്ളൂ. തയ്ച്ച നൽകുവാൻ ഉദ്ദേശിക്കുന്നില്ല. |
| (സി) ഈ മേഖലയിൽ ഉല്പാദനക്ഷമതയും ഗുണ നിലവാരവും വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ; | (സി) കൈത്തറി മേഖലയിൽ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി തറി ആധുനികവൽക്കരണത്തിനുള്ള പദ്ധതികളും നെയ്ത്തുകാർക്കുള്ള പ്രചോദനപരിപാടിയും, വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വിൽപ്പന പ്രദർശനങ്ങൾ എന്നിവയും ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഹാന്റ്‌ലൂം മാർക്കിന്റെ പ്രചരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>സ്കൂൾ യൂണിഫോം പദ്ധതി വരും വർഷങ്ങളിൽ പൂർണ്ണതോതിൽ സജ്ജമാക്കുവാൻ സാധിക്കുന്നതരത്തിൽ ഈ മേഖലയിലെ 75% ത്തിലധികം നെയ്ത്തുകാരെയും ഈ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി തൊഴിലാളിക്ക് കിട്ടേണ്ടുന്ന ആനുകൂല്യങ്ങൾ (ഇൻകം സപ്പോർട്ട് മുതലായവ) കുടിശ്ശികയില്ലാതെ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ, ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനുള്ള പരിശീലനവും അസംസ്കൃത സാധനങ്ങളുടെ ലഭ്യതയും ഉറപ്പുവരുത്തുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഖാദി മേഖലയിൽ മിനിമം കൂലി, വരുമാന താങ്ങ് പദ്ധതി, ഉൽപാദന ഇൻസെന്റീവ്, ഉത്സവ ബത്ത, ഇ.എസ്.ഐ, ക്ഷേമനിധി എന്നിവ നടപ്പിലാക്കി. 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഖാദി ഗ്രാമം പദ്ധതി, ഉൽപാദന കേന്ദ്രങ്ങളുടെ പശ്ചാത്തല |

സൗകര്യ വികസനത്തിന് മതിയായ പദ്ധതി വിഹിതം അനുവദിക്കുന്നത്, അഖിലേന്ത്യാ ഖാദി കമ്മീഷന്റെ ധനസഹായ ത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി മുതലായവ ഈ മേഖലയെ രക്ഷപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ്. കൂടാതെ വ്യാജഖാദി തടയുന്നതിന് ഈ മേഖലയിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്. കഴിഞ്ഞ ഓണം ഉത്സവ കാലത്ത് വിൽപനയിൽ വൻ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. അംഗീകൃത ഖാദി സ്ഥാപനങ്ങൾ വഴി മാത്രം ഖാദി വിൽപന പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇരുന്നൂറ് ദിവസമെങ്കിലും തൊഴിൽ ലഭ്യമാകുന്ന രീതിയിൽ കൈത്തറി-ഖാദി വ്യവസായം വികസിപ്പിക്കാനും വേതന വർദ്ധനവ് ലഭ്യമാക്കാനും സാധ്യമാകുമോ?

കൈത്തറി മേഖലയിൽ വർഷം മുഴുവൻ തൊഴിൽ ലഭ്യമാക്കുന്നതിനായി ലക്ഷ്യമിട്ട സൗജന്യസ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി വരുന്നു. ഇത്തരത്തിലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന പക്ഷം നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ നൽകി വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.

സ്കൂൾ യൂണിഫോം പദ്ധതി വരും വർഷങ്ങളിൽ പൂർണ്ണതോതിൽ സജ്ജമാകുവാൻ കഴിഞ്ഞാൽ കൈത്തറിമേഖലയിലെ ഓരോ നെയ്ത്തുതൊഴിലാളിക്കും പ്രതിവർഷം 200 ദിവസത്തിനുമേൽ തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യം സംജാതമാകുന്നതാണ്.

ഖാദി മേഖലയിലെ വേതനം പരിഷ്കരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**